# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2766

10-12-2014 ൽ മറുപടിയ്ക്ക്.

## കുടിവെള്ള സ്രോതസ്സുകളുടെ പരിരക്ഷണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.ഉമ്മർ | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് കുടിവെള്ള സ്രോതസ്സുകളുടെ നാശത്തിന് ത്വരിത നഗരവത്ക്കരണം കാരണമായിട്ടുണ്ട് എന്ന വസ്തുത പഠന വിധേയമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് കുടിവെള്ള സ്രോതസ്സുകളായി പ്രധാനമായും ആശ്രയിക്കുന്നത് പുഴകൾ, തടാകങ്ങൾ, ഡാമുകൾ, ചിറകൾ/കുളങ്ങൾ എന്നിവയാണ്. നഗര വത്കരണത്തിന്റെ ഭാഗമായി ഈ സ്രോതസ്സുകളിലെ ജലഗുണനിലവാരം താഴ്ന്നതായി സി.ഡബ്ല്യൂ.ആർ.ഡി.എം സി.ഇ.എസ്സ്.എസ്സ് തുടങ്ങിയ സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു. കൂടാതെ, കിണറുകളിലെ ജലത്തിൽ കോളീഫോം ബാക്ടീരിയയുടെ അളവ് കൂടിയ തോതിൽ ഉള്ളതായും സി.ഡബ്ല്യൂ.ആർ.ഡി.എം പഠന റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. |
| (ബി) | കുടിവെള്ള സ്രോതസ്സുകളുടെ പരിരക്ഷണത്തിനായി നിയന്ത്രിതമായ തോതിൽ നഗരവത്ക്കരണം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | പരിഗണനയിലില്ല. |
| (സി) | നഗരപ്രദേശങ്ങളിലെ കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകാമോ? | (സി) | ജലസേചന വകുപ്പിലും ഭൂജലവകുപ്പിലും നഗര പ്രദേശങ്ങളെ കേന്ദ്രീകരിച്ചുള്ള പദ്ധതികൾ ഒന്നും വിഭാവനം ചെയ്തിട്ടില്ല. എന്നാൽ, കേരള വാട്ടർ അതോറിറ്റി തിരുവനന്തപുരം നഗരത്തിലെ കുടിവെള്ള സ്രോതസ്സുകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി മലയിൻകീഴ്, മാറനല്ലൂർ, വിളവൂർക്കൽ, വിളപ്പിൽ പഞ്ചായത്തുകൾക്കും, തിരുവനന്തപുരം നഗരത്തിനും നെയ്യാർ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതിക്കു വേണ്ടി നെയ്യാർ നദിക്കു കുറുകെ മാറനല്ലൂർ പഞ്ചായത്തിലെ അരുവിക്കരയിൽ തടയണ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ